<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2094</u> <u>18/03/2015-ൽ മറുപടിക്ക്</u>

# വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം

| <u>ചോദ്യം</u><br>ശ്രീമതി.പി. അയിഷാ പോറ്റി | <u>മറുപടി</u><br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈദ്യുതി ബോർഡിന്റെ അനാസ്ഥ മൂലം വൈദ്യുതി ലൈനുകളിൽ നിന്നും ഷോക്കേറ്റ് മരിക്കുന്ന പൊതു ജനങ്ങളുടെ ആശ്രിതർക്ക് നൽകി വരുന്ന നഷ്ടപരിഹാര തുക എത്ര യാണ്; | (എ) വൈദ്യുതി ലൈനുകളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതു ജനങ്ങളുടെ ആശ്രിതർക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരമായി 5 ലക്ഷം രൂപ (01.06.2014 മുതൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും ലഭിക്കുന്നതിന് അർഹതയുണ്ട്. |
| (ബി) ഷോക്കേറ്റ് മരിക്കുന്ന ബോർഡിലെ കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ എറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകട മരണം സംഭവിക്കുകയാണെങ്കിൽ 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ/ധനസഹായം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നൽകി വരുന്നു.<br>1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ. |

(.....2)

2. ശവസംസ്കാര ചെലവിനായി 5,000/- രൂപ.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാറനായിരിക്കും. ടി കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

(സി) പ്രസ്തുത നഷ്ടപരിഹാര തുക കാലോചിതമായി ഉയർത്തുന്നതിനും അത് കാലതാമസം കൂടാതെ അനന്തരാവകാശികൾക്ക് ലഭ്യമാക്കുന്ന തിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും?

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ജോലി ചെയ്യുന്നതിനിടെ അപകടമോ, അപകടമരണമോ സംഭവിക്കുന്ന സ്ഥിരം ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് നഷ്ടപരിഹാരം നൽകി വരുന്നത്.

1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന് 18.01.2010 ൽ നിലവിൽ വന്ന ഭേദഗതി ഉത്തരവ് അനുസരിച്ച് 30.05.2010 മുതൽ നഷ്ടപരിഹാരം കണക്കാക്കുന്നതിന് പരിഗണിയ്ക്കുന്ന ശരാശരി മാസവേതനത്തിന്റെ പരിധി 4,000/- രൂപയിൽ നിന്നും 8,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് അവരുടെ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായി 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ നഷ്ടപരിഹാരമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്. കൂടാതെ, ശവസംസ്കാര ചെലവിനുള്ള തുക 2,500/- രൂപയിൽ നിന്നും 5,000/- രൂപയായും

(. . . 3)

18.01.2010 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

അപകട മരണം സംഭവിക്കുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹതയുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ അർഹമായ നഷ്ടപരിഹാരം സത്വരമായി അനുവദിക്കുകയും ടി തുക മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ കാര്യാലയത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും കെട്ടിവയ്ക്കുകയും ചെയ്തുവരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വൈദ്യുതി ലൈനുകളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം/ആശ്വാസ ധന സഹായം ഒരു ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി 01.06.2014 മുതൽ പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ